**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1273** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഈരാറ്റിൻപുറം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ ഈരാറ്റിൻപുറം ടൂറിസം പദ്ധതി പ്രദേശത്ത് ടൂറിസം വകുപ്പ് എത്ര കോടിയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ; | (എ) | ഈരാറ്റിൻ പുറം ടൂറിസം പദ്ധതിയുടെ ഭാഗമായി 1,26,82,923/- രൂപയുടെ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. 1. ടിക്കറ്റ് കൌണ്ടർ 2. റീറ്റെയ്നിങ് വാൾ & വാക്ക് വേ 3. ലാൻഡ്സ്കേപിങ് 4. സൈൻ ബോർഡ് 5. സീറ്റർ 6. കാർ പാർക്കിംഗ്, സ്നാക്ക്സ് ബാർ & ടോയ്ലെറ്റ് 7. ബോർ വെൽ |
| (ബി) | ഭരണാനുമതി ലഭിച്ച തുകയിൽ ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമെന്നും അവ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (ബി) | ഈരാറ്റിൻ പുറം ടൂറിസം പദ്ധതിയിൽ ഇനി പൂർത്തീകരിക്കേണ്ട ഘടകങ്ങൾ 1. വാച്ച് ടവർ - 2. കണക്റ്റിങ് ബ്രിഡ്ജ് 3. റെസ്റ്റിംഗ് ഹട്ട് 4. ഇളനീർ പന്തൽ 5. ടീ ഹൗസ് 6. കൊറാക്കിൾ ബോട്ടിങ് 7. സോളാർ സ്ട്രീറ്റ് ലൈറ്റ് 8. ബൊള്ളാർഡ് ലൈറ്റ് 9. സ്റ്റോൺ ബെഞ്ച് 10. എർത്ത് റോഡ് 11. ബാംബൂ ഫെൻസിങ് 12. ഇലക്ട്രിക്കൽ വർക്ക് 13. പ്ലമ്പിങ് വർക്ക് – ഭാഗികമായി. ഈരാറ്റിൻപുറം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഘടകങ്ങളായ സ്റ്റീൽ ബ്രിഡ്ജ് & വാച്ച്ടവർ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ടി വകുപ്പിനു ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനം എടുക്കുന്നതിന് വകുപ്പ് തലത്തിൽ യോഗം കൂടുവാൻ തീരുമാനിച്ചിരിക്കുകയാണ്. |
| (സി) | ഭരണാനുമതി ലഭിച്ച തുകയിൽ ഇനി എത്ര തുക ബാക്കി ഉണ്ടെന്ന് വിശദമാക്കാമോ? | (സി) | ഈരാറ്റിൻപുറം ടൂറിസം പദ്ധതിയ്ക്കായി 2,66,19,369/- രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പദ്ധതി തുകയിൽ നിന്നും നിർവ്വഹണ ഏജൻസിയായ തിരുവനന്തപുരം ഡി.റ്റി.പി.സി-യ്ക്ക് 1,33,09,685/- രൂപയും, ആർക്കിടെക്ട് ഫീ ഇനത്തിൽ 3,16,548/- രൂപയും ഉൾപ്പെടെ ആകെ 1,36,26,233/- രൂപ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫൈനൽ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ